പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

ചോദ്യം നം. 1031

30/09/2016-ൽ മറുപടിയ്ക്ക്

## ഹോർട്ടികോർപ്പിന്റെ വാഗ്ദാന ലംഘനം

**ചോദ്യം**

**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**

എ) ഓണക്കാലത്തേക്ക് കർഷകർ ഉല്പാദിപ്പിച്ച പച്ചക്കറികൾ മുഴുവൻ വാങ്ങാമെന്ന വാഗ്ദാനം ഹോർട്ടികോർപ്പ് പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

ബി) ഹോർട്ടികോർപ്പിന്റെ വാഗ്ദാന ലംഘനം നിമിത്തം കർഷകർക്കുണ്ടായ ദുരിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) എങ്കിൽ കർഷകർക്കുണ്ടായ നഷ്ടത്തിനു പരിഹാരമായി സർക്കാർ സാമ്പത്തിക സഹായം നൽകുമോ?

**മറുപടി**

**ശ്രീ വി എസ് സുനിൽകുമാർ**

(കൃഷി വകുപ്പ് മന്ത്രി)

എ) & ബി) ഓണക്കാലത്തേക്ക് കേരളത്തിലെ കർഷകർ ഉല്പാദിപ്പിച്ച പച്ചക്കറികൾ സംസ്ഥാനത്തെ കർഷക സംഘങ്ങൾ, കാർഷികമൊത്ത വ്യാപാര വിപണികൾ, സംഘമൈത്രി, വി.എഫ്.പി.സി.കെ എന്നിവ മുഖേന വിപണിവിലയേക്കാൾ 10% അധികം നൽകി സംഭരിച്ച് ഹോർട്ടികോർപ്പ് വിപണിയിൽ എത്തിച്ചിട്ടുണ്ട്. പൊതുവിപണിയിലെ വിലയേക്കാൾ 30% കുറഞ്ഞ വിലയ്ക്കാണ് ഓണക്കാലത്ത് ഹോർട്ടികോർപ്പ് പച്ചക്കറി വിൽപന നടത്തിയത്. അതുപോലെ വിപണനത്തിന് വേണ്ടിയുള്ള വിളവ് ഉണ്ടെന്ന് അറിയിപ്പ് കിട്ടിയ എല്ലാ സ്ഥലത്ത് നിന്നും പച്ചക്കറികൾ കർഷകരിൽ നിന്നും സംഭരിക്കുവാൻ ഹോർട്ടികോർപ്പ് നടപടി സ്വീകരിച്ചിരുന്നു.

സി) ബാധകമല്ല.

**സെക്ഷൻ ഓഫീസർ**